പോലീസ് സ്റ്റേഡിയം വക ഹാളിൽ ടേബിൾ ടെന്നീസ് താരങ്ങൾക്ക് പരിശീലനം നൽകാൻ നടപടി

180 [3148] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പോലീസ് സ്റ്റേഡിയത്തിലെ (ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം) പുതുതായി പണികഴിപ്പിച്ച ഹാളുകളിൽ ടേബിൾ ടെന്നീസ് തുടങ്ങിയ ഇൻഡോർ ഗെയിമുകൾ തുടങ്ങുമെന്നും വെളിയിൽനിന്നുള്ള നല്ല കായിക താരങ്ങൾക്ക് ഇവിടെ പരിശീലനസൗകര്യം നൽകുമെന്നും ബഹു. മുഖ്യമന്ത്രി പറഞ്ഞത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇൻഡോർ ഗെയിമുകളിൽ പരിശീലനം ഉടനെ തുടങ്ങാൻ നടപടി സ്വീകരിക്കുമോ;

(സി) ടേബിൾ ടെന്നീസ് ഗെയിമിന് തിരുവനന്തപുരത്ത് സർക്കാർ ചെലവിൽ പരിശീലനസൗകര്യം ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പരിമിതി നികത്താൻ പോലീസ് സ്റ്റേഡിയത്തിൽ ടേബിൾ ടെന്നീസ് താരങ്ങൾക്ക് പരിശീലനത്തിന് സൗകര്യം കൊടുക്കുമോ;

(ഇ) ടേബിൾ ടെന്നീസിന് കേരളത്തിൽ 2 കോച്ചുകളാണുള്ളത് എന്നതിനാൽ പുതിയ 5 കോച്ചുകളെങ്കിലും സ്ഥിരമായോ താൽക്കാലികമായോ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നതേയുള്ളൂ. ഇൻഡോർ ഗെയിമുകൾ നടത്തുന്നതിന് സുസജ്ജമാക്കിയ ഗെയിംസെന്റർ തത്ത്വത്തിൽ തീരുമാനമുണ്ടായിട്ടുണ്ട്.

(സി) സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ശംഖുമുഖത്ത് ഐ.ആർ.സി. യിൽ പരിശീലനസൗകര്യമുണ്ട്.

(ഡി) സ്റ്റേഡിയത്തിന്റെ ചുമതലയും ഭരണാധികാരവും അർപ്പിതമായിരിക്കുന്ന സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(ഇ) സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കൂടുതൽ കോച്ചുകളെ നിയമിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

GPM. 2/609/2012—27

LIBRARY ARCHIVES Kerala Legislative Assembly